ഒരു പദ്ധതി 2013-14-ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിന്റെ ആദ്യഘട്ടം എന്നുള്ള നിലയിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ റെയിൽവേ സ്റ്റേഷനേയും ബസ് സ്റ്റേഷനേയും തമ്മിൽ ബന്ധിപ്പിച്ച് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഒരു രൂപരേഖ തയ്യാറാക്കുകയുണ്ടായി. എന്നാൽ നിർദ്ദിഷ്ട മോണോറെയിൽ പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. നാല്/ആറുവരിപ്പാത വികസനം പൂർത്തിയാക്കിയ ദേശീയപാത 47-ലെ ഇടപ്പള്ളി-മണ്ണുത്തി മേഖലയിൽ സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്കൈവാക്കുകൾ നിർമ്മിക്കുന്നതിന് ദേശീയപാതാ വികസന അതോറിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എം.സി. റോഡിന്റെ ചെങ്ങന്നൂർ-മുവാറ്റുപുഴ ഭാഗത്ത് തിരക്കേറിയ ഒമ്പത് സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കായി മേൽപ്പാലം നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ റോഡുവികസന പദ്ധതിയുടേയും വിശദമായ പദ്ധതി രേഖ തയ്യാറാക്കുമ്പോൾ കാൽനടക്കാർക്കുള്ള സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.എസ്.എ സംയോജിത വിദ്യാഭ്യാസ പദ്ധതി

24 (*684) ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. ടി. എം. തോമസ് ഐസക് :
ഡോ. കെ. ടി. ജലീൽ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ. സംയോജിത വിദ്യാഭ്യാസ പദ്ധതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ;

(ബി) പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ യഥാസമയം നിയമിക്കാത്തതിനാൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാധാരണ വിദ്യാഭ്യാസങ്ങളിൽ പഠനം ശരിയായരീതിയിൽ നടത്താൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എയ്ഡഡ് പദവിക്കായി 100 ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ തികയ്ക്കാനായിട്ടുള്ള ശ്രമം പദ്ധതിയെ ലക്ഷ്യത്തിലെത്തിക്കാതെയും കുട്ടികൾക്ക് മറ്റെങ്ങും ശ്രദ്ധകിട്ടാതെയും പോകുന്നതിന് കാരണമാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സർവ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മറ്റുകുട്ടികളോടൊപ്പം മുഖ്യ ധാരയിലെത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

(ബി) സർവ ശിക്ഷാ അഭിയാന്റെ ബ്ലോക്ക് റിസോഴ്സ് തലത്തിൽ നിയമിതരാകുന്ന റിസോഴ്സ് അധ്യാപകർ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ടി കുട്ടികളെ പഠിപ്പിക്കുന്നതിനായി അധ്യാപകരെ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. സർവ ശിക്ഷാ അഭിയാനുകീഴിലുള്ള റിസോഴ്സ് അധ്യാപകരെ 2014-15 സ്കൂൾവർഷം തുടങ്ങുന്നതിനുമുമ്പു തന്നെ നിയമിക്കുകയുണ്ടായി.

(സി) എയ്ഡഡ് പദവി നൽകുന്നത് ടി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനുമായുള്ള നയപരമായ തീരുമാനമാണ്.

സംസ്ഥാന ലൈബ്രറി കൗൺസിൽ

25 (*685) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രവർത്തന കാലാവധി എത്ര വർഷമാണ് ;

(ബി) നിലവിലെ ലൈബ്രറി കൗൺസിലിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങളുണ്ടോ ;

(ഡി) നിലവിലുള്ള കൗൺസിലിന്റെ പ്രവർത്തന കാലാവധി തീരും മുൻപേ കൗൺസിലിനെ പിരിച്ചുവിടുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ കൗൺസിലിനെ പിരിച്ചുവിടുന്നതിനുള്ള നടപടിയിൽനിന്ന് പിന്തിരിയാൻ തയ്യാറാകുമോ ;

(എഫ്) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നതിൽ സർക്കാർ വിമുഖത കാട്ടുന്നുണ്ടോ ; കഴിഞ്ഞ സാമ്പത്തികവർഷത്തെ ബജറ്റിൽ ലൈബ്രറി കൗൺസിലിനു വകയിരുത്തിയ തുകയും നൽകിയ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly